1. അടൂർ റവന്യൂ ടവർ - 7 നിലകൾ

ഇതിന്റെ സ്ട്രക്ച്ചറൽ പണികൾ പൂർത്തിയായി. പ്ലാസ്റ്ററിംഗ്, പെയിന്റിംഗ്, ഫ്ളോറിംഗ് മുതലായ പണികൾ പുരോഗമിച്ചുവരുന്നു.

2. ചങ്ങനാശ്ശേരി റവന്യൂ ടവർ-7 നിലകൾ

സ്ട്രക്ച്ചറൽ പണികൾ പൂർത്തിയായി, പ്ലാസ്റ്ററിംഗ്, പെയിന്റിംഗ്, ഫ്ളോറിംഗ് പണികൾ പുരോഗമിച്ചു വരുന്നു.

3. തിരുവല്ല റവന്യൂ ടവർ (സെല്ലാർ 6 നിലകൾ)

സ്ട്രക്ച്ചറൽ പണികൾ പൂർത്തിയായി, ഫ്ളോറിംഗ്, പ്ലാസ്റ്ററിംഗ്, പെയിന്റിംഗ് പണികൾ പുരോഗമിച്ചു വരുന്നു.

4. നെടുമങ്ങാട് റവന്യൂ ടവർ (സെല്ലാർ 5 നിലകൾ)

സ്ട്രക്ച്ചറൽ പണികൾ പൂർത്തിയായി. പ്ലാസ്റ്ററിംഗ്, പുവരുകെട്ടുന്ന പണികൾ പുരോഗമിച്ചു വരുന്നു.

5. കോതമംഗലം റവന്യൂ ടവർ-6 നിലകൾ

സ്ട്രക്ച്ചറൽ പണികൾ പൂർത്തിയായി.

പ്ലാസ്റ്ററിംഗ്, ഫ്ളോറിഗ് പണികൾ പുരോഗമിച്ചുവരുന്നു.

6. എറണാകുളം റവന്യൂ ടവർ

(4 നിലകളുള്ള ഒരു ബ്ലോക്കും, 14 നിലകളുള്ള മറ്റൊരു ബ്ലോക്കും)

4 നിലകളുള്ള ബ്ലോക്കിന്റെ സ്ട്രക്ച്ചറൽ പണികൾ പൂർത്തിയായി. 14 നിലകളുള്ള ബ്ലോക്കിന്റെ 4-ാം നിലയുടെ റൂഫ് സ്ലാബിന്റെ പണി 45% ഉം 5-ാം നിലയുടെ കോളം പണികൾ 30%-വും പൂർത്തിയായി. തുടർന്നുള്ള പണികൾ പുരോഗതിയിലുമാണ്.

(ബി) റവന്യൂ ടവർ നിർമ്മാണത്തിന് ഹഡ്കോക്കാണ് ധനസഹായം നൽകിയിട്ടുള്ളത്.

(സി) ഇതിൽ സർക്കാരിന്റെ വിഹിതം ഒന്നും തന്നെയില്ല.

(ഡി) എഗ്രിമെന്റ്, ഒപ്പ് വെച്ചത് ഡിസംബർ 94-നും മാർച്ച്. 98-നും ആണ്.

(ഇ) എഗ്രിമെന്റ് വ്യവസ്ഥകൾ അനുസരിച്ച് വായ്പ തുക എട്ട് ഗഡുക്കളായിട്ടാണ് വിതരണം ചെയ്യുന്നത്. പദ്ധതിയുടെ പുരോഗതി വിലയിരുത്തിയാണ് ഫണ്ട് ഹഡ്കോ നൽകുന്നത്. വായ്പ തുക 19% പലിശ നിരക്കിൽ എട്ട് വർഷംകൊണ്ട് തിരിച്ചടക്കണമെന്നാണ് വ്യവസ്ഥ.

(എഫ്)ഈ പദ്ധതിക്കുവേണ്ടി സംസ്ഥാന സർക്കാരിന്റെ പക്കൽ നിന്നും തുകയൊന്നും ചെലവാക്കിയിട്ടില്ല.

**102 (542) അടൂർ എഞ്ചിനീയറിംഗ് കോളേജ്**

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1995-ൽ ആരംഭിച്ച അടൂർ എഞ്ചിനീയറിംഗ് കോളേജിലെ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിന്റെ നിർമ്മാണം ഇപ്പോൾ ഏതു ഘട്ടത്തിലാണ്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) 1997 മാർച്ച് മാസത്തിൽ പൂർത്തിയാക്കേണ്ടിയിരുന്ന ഈ നിർമ്മാണ പ്രവർത്തനം നീണ്ടുപോകുന്നതിനുള്ള കാരണം എന്ത് എന്ന് വിശദീകരിക്കുമോ;

(സി) ഇതിന്റെ പണി എന്നത്തേക്ക് പൂർത്തിയാകും എന്ന് വ്യക്തമാക്കുമോ;

(ഡി) ഐ.എച്ച്.ആർ.ഡി.യുടെ ആഭിമുഖ്യത്തിലുള്ള അടൂർ എഞ്ചിനീയറിംഗ് കോളേജിന്റെ ലാബറട്ടറി കെട്ടിടങ്ങൾ, അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് എന്നിവയ്ക്കായി എന്തു രൂപ ചെലവ് വരും എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിന്റെ പണി ഏകദേശം 40% പൂർത്തിയായിട്ടുണ്ട്.

(ബി) എസ്റ്റിമേറ്റിനേക്കാൾ കൂടുതൽ മണ്ണുപണി ചെയ്യേണ്ടിവന്നതും, ആറ്റുമണലിന്റെ ദൗർലഭ്യവും കോൺട്രാക്റ്ററുടെ ഭാഗത്തിനും ഉണ്ടായ അനാസ്ഥയും പണി താമസിക്കുന്നതിന് കാരണമായിട്ടുണ്ട്.

(സി) 2000 ജൂൺ മാസത്തോടെ പൂർത്തിയാക്കാമെന്ന് പ്രതീക്ഷിക്കുന്നു.

(ഡി) അഡ്മിനിസ്ട്രേറ്റ് ബ്ലോക്കിന് രൂപ 3,26,32,309/- (മൂന്നുകോടി ഇരുപത്തിയാറു ലക്ഷത്തി മുപ്പത്തിരണ്ടായിരത്തി മൂന്നുറ്റി ഒൻപത് രൂപ)യും ലബോറട്ടറി, വർക്ക്ഷോപ്പിന് രൂപ 65,96979/ രൂപ (അറുപത്തിയഞ്ചുലക്ഷത്തി തൊണ്ണൂറ്റാറായിരത്തി തൊള്ളായിരത്തി എഴുപത്തി ഒൻപത്)യാണ് എസ്റ്റിമേറ്റ് തുകയായി വകയിരുത്തിയിട്ടുള്ളത്.

**103 (545) പി.ജി. ഹോസ്റ്റൽ കെട്ടിട നിർമ്മാണം**

ശ്രീ എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് മെഡിക്കൽകോളേജ് പി.ജി. ഹോസ്റ്റൽ കെട്ടിട നിർമ്മാണം ആരംഭിച്ചിട്ടുണ്ടോ;

(ബി) ഈ കെട്ടിട നിർമ്മാണം എന്നത്തേക്ക് പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ആരംഭിച്ചിട്ടുണ്ട് പണി പുരോഗതിയിലാണ്.

(ബി) 10/2001-ൽ പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്.

**104 (546) മിനി സിവിൽ സ്റ്റേഷനുകളുടെ നിർമ്മാണം**

ശ്രീ. പി. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എത്ര മിനി സിവിൽ സ്റ്റേഷൻ പണിയുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്; എവിടെയൊക്കെ;



LIBRARY ARCHIVES Kerala Legislative Assembly